**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2452** **30-09-2025 - ൽ മറുപടിയ്ക്ക്**

**പുതുപ്പാടി പഞ്ചായത്തിലെ കെട്ടിടങ്ങൾക്കുള്ള നിർമ്മാണാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ദേശീയപാത വീതി കൂട്ടുന്നതിനാൽ പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണ പെർമിറ്റും, കെട്ടിട നമ്പറും അനുവദിക്കുന്നതിന് നിരവധി ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | സർവീസ് റോഡുകളില്ലാത്ത ദേശീയപാതയിലേക്ക് നേരിട്ട് പ്രവേശനമുള്ള താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകുന്നതിന് നിലവിൽ നിയന്ത്രണമുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | National Highway Authority of India (NHAI)-യുടെ അധികാരപരിധിയിലുള്ള ദേശീയപാതയിലേക്ക് (സർവീസ് റോഡ് ഉൾപ്പെടെ) പ്രവേശനമുള്ള ഏതെങ്കിലും പുതിയ ഘടനകൾ/കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് മുമ്പ്, 2002-ലെ നാഷണൽ ഹൈവേസ് കൺട്രോൾ (ലാൻഡ് & ട്രാഫിക്) ആക്റ്റ് അനുസരിച്ച് NHAI യിൽ നിന്ന് Access permission ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകണമെന്നും, NHAI യിൽ നിന്നുമുള്ള Access permission നിർബന്ധമാക്കുന്നതിന്, 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട ചട്ടങ്ങളിലെ സെക്ഷൻ 5(4)-ൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നതിനും NHAI കേരള മേഖല ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിന്മേൽ ചീഫ് ടൗൺ പ്ലാനർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ആർഎ1/499/2024- തസ്വഭവ നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |
| (സി) | ഇക്കാര്യം സംബന്ധിച്ച് സർക്കാർ നിലവിൽ പരിശോധിച്ച് വരുന്ന ഫയലിന്മേൽ (RA1/499/2024/LSGD) സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | National Highway Authority of India (NHAI)-യുടെ അധികാരപരിധിയിലുള്ള ദേശീയപാതയിലേക്ക് (സർവീസ് റോഡ് ഉൾപ്പെടെ) പ്രവേശനമുള്ള ഏതെങ്കിലും പുതിയ ഘടനകൾ/കെട്ടിടങ്ങൾ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിന് മുമ്പ്, 2002-ലെ നാഷണൽ ഹൈവേസ് കൺട്രോൾ (ലാൻഡ് & ട്രാഫിക്) ആക്ട് അനുസരിച്ച് NHAI യിൽ നിന്ന് Access permission ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകണമെന്നും, NHAI യിൽ നിന്നുമുള്ള Access permission നിർബന്ധമാക്കുന്നതിന്, 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട ചട്ടങ്ങളിലെ സെക്ഷൻ 5(4)-ൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നതിനും NHAI കേരള മേഖല ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിന്മേൽ ചീഫ് ടൗൺ പ്ലാനർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ആർഎ1/499/2024- തസ്വഭവ നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ